# 23

# നിർമ്മലത

## ( 5:1– 7)

അമേരിക്കൻ ലൈംഗികതയെ കുറിച്ചു അടുത്ത സമയത്തു നടന്ന പഠന വിവരണത്തിൽ നല്ല വാർത്തയും മോശമായ വാർത്തയും അടങ്ങിയിട്ടുണ്ട്. അമേരിക്കൻ ലൈംഗികത തിളച്ചു നീരാവിയാകുന്നു എന്നു മാധ്യമങ്ങൾ നല്കുന്ന ചിത്രം വാസ്തവമല്ല എന്നത് ഒരു നല്ല വാർത്തയാണ്. അമേരിക്കയിലെ മിക്ക മുതിർന്നവരും "അതിശയകരമായി യാഥാസ്ഥിതികരാണ്." ന്യൂയോർക്കിലുള്ള, സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ സോഷ്യോളജി പ്രൊഫസറായ ജോൺ എച്ച്. ഗാഗ്നൻ വിവരിച്ചത്, വിവാഹിതരിൽ 85 ശതമാനം സ്ത്രീകളും 75 ശതമാനത്തിലധികം വിവാഹിതരായ പുരുഷന്മാരും അവരുടെ പങ്കാളികളോടു വിശ്വസ്തരായിരിക്കുന്നതായി പറഞ്ഞു എന്നാണ്.[1] അതു നല്ല വാർത്തയാണ്.

മോശമായ വാർത്ത എന്തെന്നാൽ 4–ൽ 1 ഭർത്താവും 6–ൽ 1 ഭാര്യയും അവരുടെ പങ്കാളികളോടു അവിശ്വസ്തരാണ് എന്നതാണ്. അമേരിക്കയിലെ പകുതി പുരുഷന്മാർക്കും അവരുടെ ജീവിതകാലത്ത് ആറു ലൈംഗിക പങ്കാളികൾ ഉണ്ട്, അതിൽ ഇപ്പോഴുള്ള ഭാര്യമാരും, മുൻഭാര്യമാരും, കാമുകിമാരും ഉൾപ്പെടുന്നു. വ്യത്യസ്തരായ രണ്ടിൽ കൂടുതൽ പുരുഷന്മാരുമായി അടുത്ത ബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നു എന്നാണ് പകുതി സ്ത്രീകളും പറഞ്ഞത്. അമേരിക്കയിലെ 26 ശതമാനം മുതിർന്നവർ മാത്രമാണ് ആയുഷ്ക്കാലം ഒരു പങ്കാളി മതി എന്നു പറഞ്ഞത്.[2]

ലൈംഗിക വിശുദ്ധിയെ കുറിച്ചു ദൈവവചനം എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക:

> ആകയാൽ, പ്രിയമക്കൾ എന്ന പോലെ, ദൈവത്തെ അനുകരിപ്പിൻ; ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു, നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും, യാഗവുമായി അർപ്പിച്ചതുപോലെ, സ്നേഹത്തിൽ നടപ്പിൻ.
>
> ദുർനടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്, അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം; ചീത്തത്തരം പൊട്ടച്ചൊൽ, കളിവാക്ക്, ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്, സ്തോത്രമത്രേ വേണ്ടത്. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യത്തിൽ അവകാശം ഇല്ല, എന്നു നിങ്ങൾ അറിയുന്നുവല്ലോ. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്, ഈവക നിമിത്തമല്ലൊ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത് (5:1–7).

വടക്കൻ യൂറോപ്പിലുള്ള എർമിൻ എന്ന ഒരു മൃഗത്തെ കുറിച്ചു ഞാൻ വായിച്ചിട്ടുണ്ട്. വേനൽക്കാലത്ത് അതിന്റെ രോമം തവിട്ടു നിറമായിരിക്കും. എന്നാൽ ശൈത്യകാലത്തു അതിന്റെ രോമം മഞ്ഞുപോലെ വെള്ളയായി തീരുന്നു. അതിന്റെ രോമം വെള്ളയായിരിക്കുമ്പോൾ ആ മൃഗത്തിനു വലിയ അഹംഭാവമാണ്. അതു വൃത്തിയായി സൂക്ഷിക്കുവാൻ അതെന്തും ചെയ്യും. നായാട്ടുകാർ ഒരു എർമിന്റെ മാളം കണ്ടാൽ, അവർക്ക് അറിയാം, എന്തു ചെയ്യണം എന്ന്. മാളത്തിന്റെ പുറത്തേക്കുള്ള ദ്വാരത്തിൽ, കറുത്ത കീൽ തേക്കും, പിന്നെ പട്ടികളെ വിട്ടു അതിനെ മാളത്തിലേക്ക് ഓടിക്കും. എർമിൻ കീൽ കാണുമ്പോൾ, മാളത്തിലേക്കു പോകുവാൻ മടിക്കും, കാരണം അതിന്റെ രോമം അഴുക്കാക്കുവാൻ അതു തയ്യാറല്ല. അങ്ങനെ മൃഗം നായാട്ടുകാർക്കും, നായ്ക്കൾക്കും നിന്നുകൊടുക്കും. വെള്ള – രോമമുള്ള എർമിൻ തന്റെ ജീവനേക്കാൾ വിശുദ്ധിക്ക് വില കല്പിക്കുന്നു.[3] ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്ന എല്ലാവർക്കും അതു വാസ്തവമായിരിക്കണം.

നമ്മുടെ ലൈംഗിക വിശുദ്ധി എന്തുകൊണ്ടാണ് ദൈവത്തിനു ഇത്ര പ്രാധാന്യം? ഈ ഉത്തരത്തെ കുറിച്ചു ചിന്തിക്കുക:

> നിർമ്മലത, അതിന്റെ സത്തയിൽ, പ്രതിഫലിപ്പിക്കുന്നതു ദൈവ സ്വഭാവവും നമ്മുടെ ജീവിതത്തിൽ അവന്റെ സാന്നിധ്യവുമാണ്. നാം ലൈംഗിക വിശുദ്ധിയിൽ ജീവിക്കുന്നേടത്തോളം, ദൈവം നമ്മിൽ പ്രവർത്തിക്കുന്നു എന്നും നമ്മുടെ ആഗ്രഹങ്ങളെയും, തിരഞ്ഞെടുപ്പുകളെയും പ്രവൃത്തികളെയും, വെറും അന്തർഗ്രന്ഥി സ്രവത്തേക്കാൾ അധികമായി നിയന്ത്രിച്ചു, ലോകത്തിനു കാണിച്ചു കൊടുക്കുകയാണ്.
>
> ... നമ്മെ ലൈംഗിക വിശുദ്ധിക്കായി വിളിച്ചു, തന്റെ വിശ്വസ്തത അവന്റെ ജനത്തിൽ മാതൃകയാക്കുവാൻ ആഗ്രഹിക്കുന്നു (നോക്കുക എഫെ. 5:29–32). നമ്മുടെ ക്ഷേമ – ഐശ്വര്യത്തിനായി ദൈവം വെച്ചിരിക്കുന്ന അതിരുകൾ നാം കടന്നുപോകുമ്പോൾ, നാം തിരഞ്ഞെടുക്കുന്ന പാത ചിലപ്പോൾ താല്ക്കാലികമായി സുഖം നല്കിയേക്കാം, പക്ഷെ അതു ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ തകർക്കുന്നതും, നമുക്ക് ഏറ്റവും നല്ലതു എന്തെന്നു അവനു അറിയാം എന്നു നാം വാസ്തവത്തിൽ വിശ്വസിക്കുന്നില്ല എന്നു അവനോടു പറയുകയും ചെയ്യുന്നു.[3]

വിശുദ്ധിക്കുള്ള ദൈവപദ്ധതി പിൻപറ്റുവാനാണ്, പൗലൊസ് ക്രിസ്ത്യാനികളോടു 5:1–7–ൽ ആഹ്വാനം ചെയ്യുന്നത്. ആ പദ്ധതി പിൻപറ്റിയില്ലെങ്കിൽ അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നു പിന്നെ വിവരിക്കുന്നുമുണ്ട്.[4]

### അപേക്ഷ

പൗലൊസ് ക്രിസ്ത്യാനികളോടു അപേക്ഷിക്കുന്നതു "ദൈവത്തെ അനുകരിക്കുവാനാണ്" (5:1). ദൈവത്തെ പോലെ ആകുക. ദൈവത്തെ പോലെ പ്രവർത്തിക്കുക. നാം മിമിക്രിക്കാർ എന്നു വിളിക്കുന്ന രസിപ്പിക്കുന്നവരെ എനിക്ക് ഇഷ്ടമാണ്. അവരിൽ മിക്കവരും ഹാസ്യനടന്മാരാണ്. പ്രസിദ്ധരായ ആളുകളുടെ ശബ്ദരീതി അവർ പഠിക്കും, എന്നിട്ട് അവർ അതു അനുകരിക്കുവാൻ ശ്രമിക്കും. നമ്മുടെ കൺമുമ്പിൽ അവർ ഏതാണ്ട് അനുകരിക്കുന്ന ആളുകളെ പോലെ ആയിത്തീരും.

പൗലൊസ് പറഞ്ഞു, ''ക്രിസ്ത്യാനികളേ, നിങ്ങൾ ഗൗരവമായി ദൈവത്തെ അനുകരിക്കണം." എന്തുകൊണ്ട്, പൗലോസേ?

"കാരണം നിങ്ങൾ ദൈവത്തിനു പ്രിയമക്കളാണ്," ചുരുക്കമായി, അവൻ എഴുതി. "നിങ്ങൾ അവനുള്ളവരാണ്. നിങ്ങൾ കുടുംബ പേർ സ്വീകരിച്ചവരാണ്, അതുകൊണ്ട് നിങ്ങൾ ജീവിക്കുന്ന രീതിയാൽ അതിനെ ആദരിക്കണം. ദൈവത്തെ അനുകരിക്കുക." ദൈവത്തെ ആദരിക്കുവാനും അനുകരിക്കുവാനും പൗലൊസിന്റെ വാക്കുകൾ നമുക്കു മാതൃക നൽകുന്നു.

**മാതൃക**

5:2–ൽ ശുദ്ധമായ സ്നേഹത്തിന്റെ ഉദാഹരണം പൗലൊസ് നല്കിയിട്ടുണ്ട്: "നിങ്ങളെ സ്നേഹിച്ചു, നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും, യാഗവുമായി അർപ്പിച്ചതുപോലെ, സ്നേഹത്തിൽ നടപ്പിൻ." ദൈവപുത്രന്റെ യാഗമായി തീർന്ന സ്നേഹമാണ് നമ്മുടെ ദൈവത്തെ അനുകരിക്കേണ്ട മാതൃക. യേശുവിൽ സ്വാർത്ഥതയുടെ ഒരു കണിക പോലുമില്ല. യേശു ഒരിക്കലും സ്വയഭോഗാ - സക്തിയിലായിരുന്നില്ല. അവൻ തന്റെ സുഖത്തിനുവേണ്ടി ആളുകളെ ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. യേശു ആളുകളെ സ്നേഹിച്ചിരുന്നു. തന്റെ സ്വന്ത താല്പര്യങ്ങളേക്കാൾ യേശുവിന്നു അതായിരുന്നു കൂടുതൽ പ്രാധാന്യം. തന്റെ ആഗ്രഹം ആളുകളിൽ നിന്നു എന്തു കിട്ടുമെന്നായിരുന്നില്ല, പിന്നെയോ മറ്റുള്ളവരെ ശുശ്രൂഷിക്കുക മാത്രമായിരുന്നു.

ലൈംഗിക ദുർന്നടപ്പു പ്രതിനിധീകരിക്കുന്നത് അതിനെതിരാണ്. മറ്റൊരാളെ ഒരു കളിപ്പാട്ടമായി മാത്രം ഉപയോഗിക്കുന്നതിനേക്കാൾ സ്വാർത്ഥത മറ്റൊന്നിലുമില്ലെന്നു തോന്നുന്നു. മോഹം ആളുകളെ സ്നേ ഹിക്കുന്നതിനു പകരം അവരെ ഉപയോഗിക്കുന്നതിനു നമ്മെ ഇടയാക്കുന്നു.

**ലൈംഗിക വൈകൃതം**

ഭാര്യക്കും ഭർത്താവിന്നും ദൈവം രൂപപ്പെടുത്തിയ സ്നേഹത്തെ ദുരുപയോഗപ്പെടുത്തുന്നതാണ് ലൈംഗിക ദുർന്നടപ്പ്. വാക്യം 3–ൽ പൗലൊസ് പൂർണ്ണ മാതൃകയായ സ്വയ - യാഗത്തിൽ നിന്നു സ്വയ - ഭോഗാസക്തിയുടെ അവസാന മാതൃകയിലേക്ക് തിരിയുന്നു. അവൻ ഇവിടെ മൂന്നു വികൃതമായ വാക്കുകൾ ഉപയോഗിക്കുന്നു. ലൈംഗിക "ദുർന്നടപ്പു" (ഗ്രീക്ക്.: *പോർനെയിയ*) സൂചിപ്പിക്കുന്നതു എല്ലാ ലൈംഗികമായ പാപത്തെയുമാണ്, അതിൽ ദുർന്നടപ്പ്, വ്യഭിചാരം, സ്വവർഗ്ഗരതി, സ്ത്രീകളോടും പുരുഷന്മാരോടും ഉള്ള ലൈംഗികാകർഷണം, കൂടാതെ എല്ലാ വിവാഹേതര ലൈംഗിക ബന്ധവും ഉൾപ്പെടുന്നു. "അശുദ്ധി" (ഗ്രീക്ക്.: *അകത്തർസിയ*) സൂചിപ്പിക്കുന്നതു വൃത്തിയില്ലായ്മയെയാണ്. ധാർമ്മിക മലിനത എന്ന ആശയത്തെ അതു നൽകുന്നു. മൃതശരീരം കല്ലറയിൽ അഴുകിക്കൊണ്ടിരിക്കുന്നതിനെ വിവരിക്കുന്നതിന് മത്തായി 23:27–ൽ അതേ വാക്ക് ഉപയോഗിക്കുന്നതായി കാണാം. "അത്യാഗ്രഹം" (ഗ്രീക്ക്.: *പ്ലീനെക്സിയ*) പറയുന്നതു സ്വന്തം - ഇഛയും, സ്വയം - തൃപ്തിപ്പെടുത്തലും, മറ്റുള്ളവരെ ദുർവിനിയോഗം ചെയ്യുന്നതിനെയുമാണ്.

ലൈംഗികതയെ കുറിച്ചുള്ള ചിന്തകൾ നമ്മുടെ പ്രവൃത്തികളിൽ മാത്രം ഒതുക്കി നിർത്തുന്നില്ല പൗലൊസ്. നമ്മുടെ സംസാരവും അവൻ ഉൾപ്പെടു

ത്തുന്നു: "ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്ത ഒന്നും അരുത്, സ്തോത്രം അത്രേ വേണ്ടത്" (5:4). ലൈംഗികതയെ നിസ്സാരമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ലൈംഗികത ഭാര്യാഭർത്താക്കന്മാർക്കു അവൻ ദാനമായി നല്കിയിരിക്കുന്നതാണ്. "വിവാഹം എല്ലാവർക്കും മാന്യവും, കിടക്ക നിർമ്മലവും ആയിരിക്കട്ടെ; ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (എബ്രായർ 13:4). ദൈവം നമുക്കു നല്കിയതിനെ നാം ഒരിക്കലും തമാശയായി എടുക്കരുത്. ഇത്തരത്തിൽ ലൈംഗികതയെ ഹാസ്യമാക്കിയിരിക്കയാണ് ടെലിവിഷനും സിനിമകളും. ദൈവം വളരെ ഗൗരവമായി കാണുന്നതിനെ അതു തമാശയാക്കിമാറ്റിയിരിക്കയാണ്.

**പിഴ**

നാം വായിക്കുന്നതു, "ദുർന്നടപ്പുകാരനും, അശുദ്ധനും വിഗ്രഹാരാധിയുമായ ദ്രവ്യാഗ്രഹിയും ഇവർക്ക് ആർക്കും, ... ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലൊ. വ്യർത്ഥ വാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്, ഈ വക നിമിത്തമല്ലൊ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു" (5:5, 6). ഇത്തരം അശുദ്ധിയോടു ദൈവത്തിന്റെ സമീപനം എന്താണ്? ലൈംഗിക പാപം ദൈവകോപത്തെ പൂർണ്ണമായും പുറപ്പെടുവിക്കുന്നു. അതു ദൈവത്തിനു എതിരാകുന്നു.

**പദ്ധതി**

*റൈറ്റ് സ്റ്റഫ്* എന്ന സിനിമയിൽ, പരിശീലകരായ പൈലറ്റുമാർ തങ്ങളുടെ പരീക്ഷണ പറക്കലിൽ എത്ര വേഗത്തിൽ പറക്കാം, എത്ര ഉയരത്തിൽ പറക്കാം, എത്ര ദൂരം തങ്ങളെയും തങ്ങളുടെ വിമാനങ്ങളെയും തള്ളിനീക്കാമെന്നെല്ലാം അറിയേണ്ടതിനു അവയിലെ പരിമിധികൾ പരീക്ഷിക്കും. മറികടക്കുവാൻ കഴിയുകയില്ല എന്നു മറ്റുള്ളവർ വിചാരിക്കുന്ന രേഖ മറികടക്കുവാൻ ധൈര്യമുള്ള പൈലറ്റുമാർക്കും – അതിനേക്കുറിച്ചു പറയുവാൻ ജീവിച്ചിരിക്കുന്നവർക്കും – "റൈറ്റ് സ്റ്റഫ്" ഉണ്ടെന്നാണ് വിചാരിക്കുന്നത്.

ലൈംഗികതയെ സംബന്ധിച്ചു വിപത്തു സംഭവിക്കാതെ നമുക്കു പാപത്തോടു എത്രത്തോളം അടുക്കുവാൻ കഴിയും എന്നു കാണുന്നത് "റൈറ്റ് സ്റ്റഫ്" അല്ല. ഒരു മനുഷ്യനു എത്ര ദൂരം പോകുവാൻ പറ്റുമെന്നും കന്യകാത്വത്തിൽ തന്നെ ആയിരിക്കാമെന്നുമുള്ള നോട്ടമല്ല ദൈവത്തിന്റേത്. ഒരു വിവാഹിതനായ വ്യക്തിക്ക്, "നിഷ്ക്കളങ്ക ശൃംഗാരം" ഉണ്ടാവുകയില്ല. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച്, എത്രത്തോളം അശുദ്ധി നിങ്ങളെ ബാധിക്കാതെ നിങ്ങൾക്ക് കാണുവാനും വായിക്കുവാനും കഴിയും എന്നതല്ല പ്രശ്നം. ദൈവത്തെ പ്രസാദിപ്പിക്കുന്നതെന്താണെന്നുള്ളതാണ് കാര്യമാക്കേണ്ടത്.

ഈ തത്വം നാം ഗൗരവമായി എടുക്കണം: *നിങ്ങൾ അശുദ്ധമായ ശൃംഗാരം നടത്തരുത്.*

രണ്ടാമത്തെ തത്വം ഇതാണ്: *വിവാഹത്തെ മാനിക്കുക.* നിങ്ങൾ വിവാഹം കഴിച്ചിട്ടില്ലെങ്കിൽ, ആ ദിവസം വരെ വിശുദ്ധരായിരിക്കുക. നിങ്ങൾ വിവാഹം കഴിച്ചുവെങ്കിൽ, നിങ്ങളുടെ ഭാര്യയോടോ ഭർത്താവിനോടോ വിശ്വസ്തത

പുലർത്തുക, നിങ്ങൾ “സാങ്കേതികമായി മാത്രം വിശ്വസ്തരാകാതിരിക്കുക.” നിങ്ങളുടെ തുണയെ സ്നേഹിക്കുക. ആ വ്യക്തിയെ സന്തോഷിപ്പിക്കുക. ആ വ്യക്തി നിങ്ങൾക്കു എത്രത്തോളം വിലപ്പെട്ടതാണെന്നു പ്രകടിപ്പിക്കുന്ന രീതിയിൽ ജീവിക്കുക. നിങ്ങൾ അതിനു എത്രത്തോളം പരിശ്രമം ചെലുത്തുന്നുവോ, അത്രത്തോളം നിങ്ങളുടെ വിവാഹ ജീവിതം ശക്തമാകും. നിങ്ങളുടെ വിവാഹബന്ധം ശക്തമാണെങ്കിൽ, നിങ്ങളുടെ പ്രതിജ്ഞ ലംഘിക്കുവാൻ നിങ്ങൾ തയ്യാറാവാതിരിക്കും.

**ഉപസംഹാരം**

രണ്ടു കാര്യങ്ങൾ എന്നെ ചിന്തിപ്പിക്കുന്നു. ഒന്ന്, ഒരാൾക്ക് പൗലൊസിന്റെ വിശുദ്ധിയെ കുറിച്ചുള്ള വാക്കുകൾ വായിച്ചു അതെങ്ങനെ വിശ്വസിക്കാതിരിക്കാൻ കഴിയും? ഈ പാപത്തിനിരയായി തീർന്ന നമുക്ക് അറിയാവുന്ന ക്രിസ്ത്യാനികളെ നാം മറക്കുകയാണോ? ഒരിക്കൽ അവരിൽ മിക്ക ആളുകളും ചിന്തിച്ചിരിക്കാം, “ഞാൻ അങ്ങനെ ഒരിക്കലും ചെയ്യരുതായിരുന്നു. എന്റെ വിവാഹബന്ധം ഉലയുവാൻ ഞാൻ സമ്മതിക്കരുതായിരുന്നു. ഞാൻ ഒരിക്കലും വിവാഹേതരബന്ധം പുലർത്തരുതായിരുന്നു.” നാം വായിക്കുന്നതു, “നാശത്തിനുമുമ്പേ ഗർവ്വം, വീഴ്ച്ചക്കു മുമ്പേ ഉന്നതഭാവം” (സദൃശവാക്യങ്ങൾ 16:18). നാം ജീവിക്കുന്ന ലോകത്തിൽ – നമ്മുടെ ജാഗ്രതയെ താഴ്ത്തി കളയരുത്.

ഈ ഒരു വിചാരവും എനിക്ക് ഉണ്ട്: ചില ആളുകൾ വിചാരിക്കുന്നതു അവർ ദൈവത്തോടു സഹായത്തിനു അപേക്ഷിച്ചാലും കാര്യമില്ലാത്ത വിധത്തിൽ അവർ വൈകിപ്പോയിരിക്കുന്നു എന്നാണ്. അതു വാസ്തവമല്ല. ദൈവം തന്റെ സഭ പണിതിരിക്കുന്നത് ക്ഷമിക്കപ്പെട്ടവരാലാണ്, അല്ലാതെ തികവുള്ളവരാലല്ല:

> അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, പുരുഷകാമികൾ, സ്വയഭോഗികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ, എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. *നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും, നിങ്ങളെത്തന്നേ കഴുകി, ശുദ്ധീകരണവും, നീതീകരണവും പ്രാപിച്ചിരിക്കുന്നു* (1 കൊരിന്ത്യർ 6:9–11; എംഫസിസ് മൈൻ).

ലൈംഗിക ദുർന്നടപ്പുകാർക്ക് സഹായം ലഭിക്കുന്ന ഏറ്റവും നല്ല സ്ഥലം കർത്താവായ യേശുവിന്റെ സഭയാണ്. നിങ്ങൾ ലൈംഗികമായി പാപം ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾക്കു മുൻപായി ചതിയും വഞ്ചനയും, നുണയും മറ്റു പാപങ്ങളും ചെയ്തിട്ടു, യേശുവിൽ പാപമോചനം ലഭിച്ചവർ ഉള്ള സഭയിലേക്കു നിങ്ങളെ സ്വാഗതം ചെയ്യുന്നു. നമ്മുടെ പാപങ്ങൾ പിന്നിൽ തള്ളുവാൻ അവന്റെ ശക്തി ആവശ്യമുള്ളവരോടു ചേരുവാൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

നിങ്ങളുടെ ഭൂതം മായ്ക്കുവാൻ നിങ്ങൾക്കു സാധ്യമല്ല, പക്ഷെ

നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടും. നിങ്ങൾക്കു വീണ്ടും ഒരു കന്യക സ്ഥാനത്തെത്തുവാൻ കഴിയുകയില്ല, പക്ഷെ നിങ്ങളുടെ പാപങ്ങളെല്ലാം ക്ഷമിച്ചു കിട്ടുകയും വിവാഹ ദിവസം വരെ വിശുദ്ധമായി കഴിയുന്നതിലൂടെ ദൈവത്തെ നിങ്ങൾ മഹത്വപ്പെടുത്തുകയും വേണം. നിങ്ങളുടെ പങ്കാളിയോടു അവിശ്വസ്തത കാണിച്ചതു മായിച്ചു കളയുവാൻ നിങ്ങൾക്കു സാധ്യമല്ല, പക്ഷെ ഇപ്പോൾ മുതൽ ക്ഷമിക്കപ്പെട്ട യാഗപൂർണ്ണമായ സ്നേഹ ജീവിതം നയിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണം. നിങ്ങൾ മുൻപു സംസാരിച്ച ചീത്ത വാക്കുകൾ മാറ്റുവാൻ നിങ്ങൾക്കു സാധ്യമല്ല, പക്ഷെ നിങ്ങൾക്കു പാപമോചനം ലഭിച്ചു ഭാവിയിൽ പറയുന്നതും ചെയ്യുന്നതും എല്ലാം ദൈവത്തിനു മഹത്വം കൊടുത്തുകൊണ്ടാകണം.

ദൈവം ക്ഷമിക്കും. അവൻ നിങ്ങൾക്കു ശക്തി പകരും. നിങ്ങൾ വിശുദ്ധിയുള്ളവരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

---

കുറിപ്പുകൾ

[1]"സെക്സ് സ്റ്റഡി റിവീൽസ് അമേരിക്ക റ്റു ബി ഹോട്ട്ബെഡ് ഓഫ് മോണോഗമി," *ഫോർട്ട് വർത്ത് സ്റ്റാർ ടെലെഗ്രാം* (7 ഒക്ടോബർ 1994): 1a. [2]ഇബിഡ്. [3]ജെറി കിർക്ക്, "ഗോഡ്സ് കാൾ റ്റു സെക്ഷ്വൽ പ്യൂരിറ്റി" ഇൻ *സെവെൻ പ്രോമിസസ് ഓഫ് ഏ പ്രോമിസ് കീപ്പർ*, എഡി. ആൽ ജാൻസെൻ (കൊളൊറാഡോ സ്പ്രിങ്സ്, കൊലൊ.: ഫോക്കസ് ഓൺ ദ ഫാമിലി പബ്ലിഷിങ്ങ്, 1994), 92–93. [4]അടുത്ത ഭാഗത്തേക്കുള്ള ബാഹ്യരൂപരേഖ എടുത്തിരിക്കുന്നത് ജോൺ മാക് ആർദർ, ജൂനിയർ., *എഫെഷ്യൻസ്,* ദ മാക്ആർദർ ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഷിക്കാഗോ, Ill.: മൂഡി പ്രെസ്, 1986), 193–203.